കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജനുവരി

JANUARY 15 2019



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidhanam2019@gmail.com

## അടുത്ത സീസണിൽ 35000 അയ്യപ്പൻമാർക്ക് വിരിവായ്ക്കാനുള്ള സൗകര്യം നിലയ്ക്കലിൽ ഏർപ്പെടുത്തും: ദേവസ്വം ബോർഡ് പ്രസിഡന്റ്

* ഹിൽ ടോപ്പിൽ നിന്ന് പമ്പയിലേക്ക് പാലം
* നിലയ്ക്കൽ-പമ്പ സൗജന്യ യാത്രാ സൗകര്യം

അടുത്ത മണ്ഡല-മകരവിളക്ക് സീസൺ മുതൽ ബേസ് ക്യാംപായ നിലയ്ക്കലിൽ 35000 ഭക്തർക്ക് വിരിവയ്ക്കാനും പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കാനുമുള്ള സ്ഥിരം സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് എ.പദ്മകുമാർ. പമ്പയിൽ ഹിൽ ടോപ്പിൽ നിന്നും ഗണപതി അമ്പലത്തിലേക്കുള്ള പാലം നിർമിക്കുമെന്നും നിലയ്ക്കൽ-പമ്പ റൂട്ടിൽ സൗജന്യ യാത്രാസൗകര്യം ഏർപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. ഈ സീസണിലെ മണ്ഡലമകരവിളക്ക് ഉത്സവ സമാപനത്തിന്റെ പശ്ചാത്തലിൽ പൊതുവിലയിരുത്തൽ നടത്തുകയായിരുന്നു അദ്ദേഹം. സീതത്തോട് ജലവിതരണ പദ്ധതിക്ക് ഇതിനകം 105 കോടി രൂപ സർക്കാർ മാറ്റിവച്ചിട്ടുള്ളതായും അദ്ദേഹം അറിയിച്ചു.
ഇത്തവണത്തെ മണ്ഡല മകരവിളക്ക് ഉത്സവത്തിന് മാസങ്ങൾക്കു മുൻപുത

ന്നെ തയാറെടുപ്പുകൾ നടത്തിയിരുന്നു. കൃത്യമായ ആസൂത്രണത്തോടെ സീസൺ മുന്നോട്ടുകൊ ുപോകാൻ കഴിഞ്ഞു. ജീവനക്കാരുടെ സ്ഥലം മാറ്റം ഉൾപ്പെടെയുള്ള കാര്യങ്ങൾ ജൂൺ മാസത്തിൽ തന്നെ പൂർത്തീകരിക്കാൻ കഴിഞ്ഞു. ഈ നൂറ്റാ ിലെതന്നെ വലിയ പ്രളയം ദേവസ്വം ബോർഡിനെ ആശങ്കയിലാഴ്ത്തിയിരുന്നു. എന്നാൽ യുദ്ധകാലാടിസ്ഥാനത്തിൽ മരാമത്ത് വകുപ്പ് ആദ്യഘട്ട പ്രവർത്തനങ്ങൾ നടത്തി. മുഖ്യമന്ത്രി പിണറായി വിജയൻ ചികിത്സ കഴിഞ്ഞ് തിരിച്ചെത്തിയയുടൻ ശബരിമലയുടെ പുനർനിർമാണത്തിനായി ആലോചനാ യോഗം ചേർന്നു. അദ്ദേഹത്തിന്റെ ഇടപെടലിന്റെ അടിസ്ഥാനത്തിലാണ് ടാറ്റാ കൺസ്ട്രക്ഷൻ ലിമിറ്റഡ് പുനർനിർമാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തത്. അതിനുവേ ി വരുന്ന ചെലവ് പൂർണമായും സൗജന്യമാക്കണമെന്ന മുഖ്യമന്ത്രിയുടെ അഭ്യർഥനയെത്തുടർന്ന് പൂർണമായും അയ്യപ്പന് സമർപ്പിക്കുന്നുവെന്ന് കമ്പനി അധികൃതർ പറയുകയു ായി. ഇത്തരത്തിൽ 25 കോടി രൂപ ലാഭിക്കാൻ കഴിഞ്ഞത് പ്രധാനപ്പെട്ട കാര്യമാണ്.

യുവതീ പ്രവേശനത്തിന്റെ കാര്യത്തിൽ മനഃപൂർവം കലാപം നടത്താൻ ശ്രമം ഉ ായി. അതിനെ അതിജീവിച്ച് ഭക്തർക്ക് ആശങ്കയില്ലാതെ ദർശനം നടത്താനും മണ്ഡല മകരവിളക്ക് ഉത്സവം ഭംഗിയായി പൂർത്തീകരിക്കാനും ദേവസ്വം ബോർഡ്, സംസ്ഥാന സർക്കാർ, ഹൈക്കോടതി നിരീക്ഷക സമിതി എന്നിവയുടെ പൂർണ യോജിപ്പോടെ നടത്തിയ പരിശ്രമങ്ങൾക്ക് കഴിഞ്ഞു.

നടവരവിൽ വന്ന കുറവ് തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള 1252 ക്ഷേത്രങ്ങളെയും 13000 ലധികം വരുന്ന പെൻഷൻകാർ ഉൾപ്പെടെയുള്ള ജീവനക്കാരുമായ ഹൈന്ദവ കുടുംബങ്ങളെയാണ് ബാധിക്കുക. രാഷ്ട്രീയ ദുഷ്ടലാക്കോടെ നടത്തിയ പ്രചാരണത്തിന്റെ ഫലമായാണ് കുറവു ായത്. എന്നാൽ ഈ കുറവ് പരിഹരിക്കാൻ സർക്കാരിന്റെ സഹായം ലഭിക്കുമെന്ന ഉറപ്പും ലഭിച്ചിട്ടു ്.

നിലയ്ക്കൽ ബേസ് ക്യാപം ആയതോടെ ഭക്തജനങ്ങളുടെ വരവിനെ ക്രമീകരിക്കാൻ കഴിഞ്ഞു. ശബരിമലയുടെ ഗേറ്റ് വേ ചെങ്ങന്നൂർ ആണ്. ചെങ്ങന്നൂർ, ആറന്മുള, പത്തനംതിട്ട, പെരുനാട്, എന്നീ സ്ഥലങ്ങളിലെ ഇടത്താവളങ്ങൾ ശക്തിപ്പെടുത്തുകയും ഭക്തർക്ക് വിരിവെക്കാൻ സൗകര്യമൊരുക്കുകയും ചെയ്തു.

സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ജീവനക്കാർ, ദേവസ്വം ബോർഡ് ജീവനക്കാർ, മാധ്യമപ്രവർത്തകർ എന്നിവർക്ക് പ്രത്യേകം നന്ദിയും പ്രസിഡന്റ് അറിയിച്ചു.

(പി.ആർ. ശബരി-481)

## മകരവിളക്ക് ദിവസം 1180 ബസ്സുകൾ സർവീസ് നടത്തി

മകരവിളക്ക് ദിവസം കെഎസ്ആർടിസി സർവീസ് നടത്തിയത് 1180 ബസ്സുകൾ. തിരക്കിന്റെ സാധ്യത കണക്കിലെടുത്ത് അധികമായി 50 ബസ്സുകൾ കൂ

ടി തയാറാക്കി നിർത്തിയിരുന്നുവെങ്കിലും അത് ഓടിക്കേ  ിവന്നില്ല. ഏകദേശം 3500 ലേറെ ജീവനക്കാർ സർവീസ് നടത്താൻ കർമനിരതരായി രംഗത്തിറങ്ങി. മകരവിളക്ക് ദർശിച്ച മടങ്ങിയ അയ്യപ്പഭക്തമാൻമാർക്ക് തടസ്സമില്ലാതെ യാത്രചെയ്യാൻ കഴിഞ്ഞതായി കെഎസ്ആർടിസി പമ്പ യൂണിറ്റ് ചീഫ് ഷിബുകുമാർ പറഞ്ഞു. ജനുവരി 20 വരെ ആവശ്യാനുസരണം കെഎസ്ആർടിസി സർവീസ് നടത്തും. തുടർന്ന് സാധാരണ ഷെഡ്യൂൾപ്രകാരമുള്ള ആറ് സർവീസുകൾ ആയിരിക്കും ഉ   ാകുകയെന്നും അദ്ദേഹം അറിയിച്ചു.

(പി.ആർ. ശബരി-482)

## ആചാരപ്പെരുമയിൽ അമ്പലപ്പുഴ സംഘത്തിന്റെ ശീവേലി

ആചാരങ്ങൾ തെറ്റാതെ സന്നിധാനത്ത് അമ്പലപ്പുഴ സംഘത്തിന്റെ ശീവേലി എഴുന്നള്ളത്ത്. മാളികപ്പുറത്തു നിന്നും സന്നിധാനത്തേക്ക് നടന്ന എഴുന്നള്ളത്തിൽ സമൂഹപ്പെരിയോൻ കളത്തിൽ ചന്ദ്രശേഖരൻ നായരുടെ നേതൃത്വത്തിൽ നൂറുകണക്കിന് സ്വാമിമാരും മാളികപ്പുറങ്ങളും പങ്കെടുത്തു വാദ്യമേളങ്ങളുടെ അകമ്പടിയോടെ നടന്ന എഴുന്നള്ളത്തിൽ കർപ്പൂരതാലം ഏന്തിയാണ് സ്വാമി ഭക്തർ പങ്കെടുത്തത്. പന്തളത്തുനിന്നും തിരുവാഭരണത്തോടൊപ്പം വന്ന കൊടിക്കൂറകൾ ശീവേലിക്ക് എഴുന്നള്ളിച്ചു. എഴുന്നള്ളത്ത് പതിനെട്ടാം പടിക്കൽ എത്തിയപ്പോൾ പടികഴുകി വൃത്തിയാക്കി കർപ്പൂരാരാധന നടത്തി. ക്ഷേത്രം വലംവച്ച് തിരികെ മാളികപ്പുറത്ത് എത്തി ഇറക്കി എഴുന്നള്ളിച്ചതോടെ ശീവേലിക്ക് സമാപനമായി. തുടർന്ന് തിരുവാഭരണം ചാർത്തിയ  അയ്യപ്പ വിഗ്രഹം ദർശിച്ച് കർപ്പൂരാഴി പൂജയും നടത്തി പത്ത് നാൾ നീ   തീർത്ഥാടനത്തിന് സമാപനം കുറിച്ച് സംഘം മലയിറങ്ങി.

മകരവിളക്ക് ദിവസം രാവിലെ നെയ്യഭിഷേകവും വൈകിട്ട് മഹാ നിവേദ്യവും നടന്നു. സ്വാമിമാർ ഇരുമുടിക്കെട്ടിൽ കൊ  ുവന്ന കാര എള്ള്, നെയ്യ്, ശർക്കര, തേൻ കൽക്ക  ം മുന്തിരി എന്നീ ഇനങ്ങൾ ചേർത്ത്  പ്രത്യേകം തയ്യാറാക്കിയ എള്ളു പായസമാന്ന് മഹാ നിവേദ്യത്തിന് നിവേദിച്ചത്.ദേവ പ്രശന വിധിപ്രകാരം അമ്പലപ്പുഴ സംഘക്കാർ 'സന്നിധാനത്തും മദ്ധിക്കുന്നത്തും സമർപ്പിക്കേ  തായ ഭദ്ര വിളക്കുകൾ ഇരു നടകളിലും സമർപ്പിച്ചു' 45 കിലോ വെള്ളോട്ടിൽ തീർത്ത 24 തിരികൾ വീതം ഇടാവുന്ന വിളക്കുകൾ ആണ് സമർപ്പിച്ചത്
സമൂഹപ്പെരിയോൻ കളത്തിൽ ചന്ദ്ര ശേഖരൻ നായർ മുഖ്യ കാർമ്മികത്വം വഹിച്ചു. സംഘം പ്രസിഡൻറ് എൻ.ഗോ പാലകൃഷ്ണപിള്ള, സെക്രട്ടറി എൻ.മാധവൻ കുട്ടി നായർ, വൈസ് പ്രസിഡന്റ് ആർ. ഗോപകുമാർ, ജോയിന്റ് സെക്രട്ടറി ജി.ശ്രീകുമൾ ' ഖജാൻജി കെ. ചന്ദ്രകുമാർ എന്നിവർ നേതൃത്വം നൽകി.

(പി.ആർ. ശബരി-483)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 15 | 2019 |
|---|---|---|

ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidhanam2019@gmail.com


## താലം എഴുന്നള്ളത്ത് കഴിഞ്ഞു; ആലങ്ങാട് സംഘത്തിന്റെ നിവേദ്യം ഇന്ന്

ശബരിമലയിൽ ആചാരപ്പെരമയോടെ ആലങ്ങാട് സംഘത്തിന്റെ താലം എഴുന്നള്ളത്ത് നടന്നു. സന്നിധാനത്തെത്തിയ സംഘം പതിനെട്ടു പടികളിലും കർപ്പൂരം കത്തിച്ചു. ശേഷം വെളിച്ചപ്പാട് താഴെ നിന്ന് കൽപ്പന ചൊല്ലി ഗോളകയുടെ അകമ്പടിയോടെ പെരിയോൻ അമ്പാടത്ത് എ.കെ. വിജയകുമാറും സംഘവും പതിനെട്ടാം പടികയറി അയ്യപ്പനെ ദർശിച്ചു. ആലങ്ങാട് സംഘത്തിന്റെ മുഖ്യചടങ്ങ് നാളെയാണ്. രാവിലെ ഒൻപതു മുതൽ ഒരു മണിക്കൂർ സമയം ആലങ്ങാട് സംഘത്തിന്റെ നെയ്യഭിഷേകമാണ്. ഉച്ചയ്ക്ക് ഒരുമണിയോടെ ഉച്ചപൂജയ്ക്കുശേഷം പന്തീർനാഴി നിവേദ്യം നടത്തും. മൂന്ന് ചെമ്പ് ചോറും മൂന്ന് ചെമ്പ് പായസവും നടയ്ക്ക് വച്ച് തന്ത്രിയും മേൽശാന്തിയും പുറത്തെത്തി നിവേദിക്കും. ശേഷം പ്രസാദം സംഘാങ്ങൾക്കും അയ്യപ്പൻമാർക്കുമായി വിതരണം ചെയ്യും. 19-ന് രാത്രി 11-നുള്ള ഗുരുതിയിലും ആലങ്ങാട് സംഘം പങ്കെടുക്കും. ചടങ്ങുകൾക്കുശേഷം സംഘം ആസ്ഥാനമായ കാലടി മഞ്ഞപ്രയിലേക്ക് മടങ്ങും.
പ്രസിഡന്റ് എം.എൻ. രാജപ്പൻ നായർ, സെക്രട്ടറി ടി.കെ. രാജേഷ് പുറയാറ്റിൻ കളരി, വെളിച്ചപ്പാട് ദേവദാസ് കുന്നുകര തുടങ്ങിയവരാണ് ആലങ്ങാട് സംഘത്തിൽ ഉള്ളത്.

(പി.ആർ. ശബരി-484)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി JANUARY 15 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-3


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


# ശാന്തിയുടെ സന്ദേശവുമായി സന്നിധാനത്ത് തൃശ്ശൂർ നസീറിന്റെ സംഗീതാർച്ചന

ലോകശാന്തിക്കും സമാധാനത്തിനുമായി ശബരിമല സന്നിധിയിൽ ഗായകൻ ഗിന്നസ് നസീറിന്റെ ഗാനാർച്ചന. പമ്പയിൽ ഏഴ് മണിക്കൂറും സന്നിധാനത്ത് ഒരുമണിക്കൂറുമാണ് ഭക്തിഗാനാർച്ചന നടത്തിയത്. ഹരിവരാസനം... ആശ്രിതവത്സലനേ... ബ്രഹ്മകമലം... ശബരിമല.... കുടജാദ്രിയിൽ തുടങ്ങിയ നിരവധി ഗാനങ്ങൾ അദ്ദേഹം ആലപിച്ചു. ഇക്കഴിഞ്ഞ പ്രളയത്തെ തുടർന്ന് മലപ്പുറത്ത് നടത്തിയ കലാപരിപാടികളിലായി ലഭിച്ച മൂന്നര ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭവന ചെയ്ത വ്യക്തികൂടിയാണ് ഗായകനും മിമിക്രി ആർട്ടിസ്റ്റുമായ നസീർ. തൃശ്ശൂർ കോലോത്തുപറമ്പിൽ പരേതരായ അബ്ദുള്ളയുടെയും കുഞ്ഞുമ്മയുടെ പത്ത് മക്കളിൽ ആറാമനാണ് നസീർ.
ഡ്രാഫ്റ്റ്മാൻ സിവിൽ വിദ്യാർഥിയായ മകൻ അമീനും റെക്കോഡ് ജേതാവാണ്. 13 മണിക്കൂർ തുടർച്ചയായി വരച്ച് ലിംക ബുക്ക് ഓഫ് ഓഫ് റെക്കോഡ്സിൽ ഇടം നേടിയിട്ടു ്.
ബാവലി-മൈസൂർ റൂട്ടിലെ രാത്രിയാത്രാ നിരോധനം, നഞ്ചൻകോട് റെയിൽവേയുടെ നിർമാണം, തലശ്ശേരിയിലെ രാഷ്ട്രീയ കൊലപാതകങ്ങൾ, തെരുവുനായ ശല്യത്തിനെതിരായ പോരാട്ടം തുടങ്ങി നിരവധി ജനകീയ വിഷയങ്ങ

ളിൽ തന്റെ ഗാനാർച്ചനയിലൂടെ പ്രതിരോധിച്ചയാളാണ് നസീർ. 113 മണിക്കൂർ തുടർച്ചയായി സിനിമാഗാനം ആലപിച്ച് ഗിന്നസ് റെക്കോഡ് നേടിയ നസീർ 1992-ൽ 40 മണിക്കൂർ തുടർച്ചയായി മിമിക്രി അവതരിപ്പിച്ചും, 2005-ൽ 101 മണിക്കൂർ തുടർച്ചയായി മൗത്ത് ഓർഗൻ വായിച്ചും ഗിന്നസ് റെക്കോഡ് സൃഷ്ടിച്ചിട്ടു ്.

(പി.ആർ. ശബരി-485)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.